**മധുരമായ കുട്ടികളെ - ഡ്രാമയുടെ യഥാർത്ഥ ജ്ഞാനത്തിലൂടെ മാത്രമേ നിങ്ങൾക്ക് അചഞ്ചലവും, ദൃഢവും, ഏകരസവുമായിരിക്കാൻ സാധിക്കൂ, മായയുടെ കൊടുങ്കാറ്റിന് നിങ്ങളെ ഇളക്കാൻ സാധിക്കില്ല.**

**ചോദ്യം:-** ദേവതകളുടെ ഏതൊരു ഗുണം നിങ്ങൾ കുട്ടികളിൽ സദാ കാണപ്പെടണം?
**ഉത്തരം:-** ഹർഷിതരായിരിക്കുക. ദേവതകളെ സദാ പുഞ്ചിരിച്ചുകൊണ്ട് ഹർഷിതരായാണ് കാണിക്കുന്നത്. ഇതുപോലെ നിങ്ങൾ കുട്ടികൾക്കും ഹർഷിതമായിരിക്കണം, എന്ത് പ്രശ്നമുണ്ടെങ്കിലും പുഞ്ചിരിച്ചു കൊണ്ടിരിക്കൂ. ഒരിക്കലും ഉദാസീനതയോ,ദേഷ്യമോ വരരുത്. ഏതുപോലെയാണോ ബാബ നിങ്ങൾ കുട്ടികൾക്ക് ശരിയുടെയും തെറ്റിന്റെയും അറിവ് നൽകുന്നത്, ഒരിക്കലും ദേഷ്യപ്പെടാത്തത്, ഉദാസീനമാകാത്തത് അതുപോലെ നിങ്ങൾ കുട്ടികളും ഉദാസീനരാകരുത്.

**ഓം ശാന്തി**. പരിധിയില്ലാത്ത കുട്ടികൾക്ക് പരിധിയില്ലാത്ത അച്ഛൻ മനസ്സിലാക്കിത്തരുന്നു. ലൗകീക അച്ഛൻ ഇങ്ങനെ പറയില്ല. അദ്ദേഹത്തിന് ഒരു അഞ്ചോ ആറോ മക്കളുണ്ടായിരിക്കും. ഇതാണെങ്കിൽ എല്ലാം ആത്മാക്കളാണ്, പരസ്പരം സഹോദരങ്ങളാണ്. അവർക്കെല്ലാവർക്കും തീർച്ചയായും അച്ഛൻ ഉണ്ടായിരിക്കും. പറയുന്നുമുണ്ട് ,നമ്മളെല്ലാവരും പരസ്പരം സഹോദരീ-സഹോദരങ്ങളാണ്. എല്ലാവരെ പ്രതിയുമാണ് പറയുന്നുത്. ആര് വന്നാലും പറയും നമ്മൾ സഹോദരീ-സഹോദരങ്ങളാണ്. ഡ്രാമയിൽ എല്ലാവരും ബന്ധിതരാണ്, അത് ആരും അറിയുന്നില്ല. ഇത് അറിയാതിരിക്കുന്നതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അത് ബാബ തന്നെയാണ് വന്ന് കേൾപ്പിക്കുന്നത്, കഥകൾ തുടങ്ങിയവയെല്ലാം എപ്പോഴാണോ കേൾപ്പിക്കുന്നത് അപ്പോൾ പറയാറുണ്ട് - പരംപിതാ പരമാത്മായ നമഃ. ....എന്നാൽ അതാരാണ് എന്ന് അറിയുന്നില്ല. പറയുന്നുണ്ട് ബ്രഹ്മ ദേവത, വിഷ്ണു ദേവത, ശങ്കർ ദേവത എന്നാൽ മനസ്സിലാക്കിയിട്ടല്ല പറയുന്നത്. വാസ്തവത്തിൽ ബ്രഹ്മാവിനെ ദേവതയെന്ന് പറയില്ല. ദേവതയെന്ന് വിഷ്ണുവിനെയാണ് പറയുക. ബ്രഹ്മാവിനെ ആർക്കും അറിയില്ല. വിഷ്ണു ദേവതയെന്നത് ശരിയാണ്, ശങ്കരനാണെങ്കിൽ പാർട്ടേയില്ല. ശങ്കരന് ജീവചരിത്രമേയില്ല, ശിവബാബയ്ക്കാണെങ്കിൽ ജീവചരിത്രമുണ്ട്. ബാബ വരുന്നത് തന്നെ പതിതരെ പാവനമാക്കാനാണ്, പുതിയ ലോകം സ്ഥാപിക്കാനാണ്. ഇപ്പോൾ ഒരു ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മങ്ങളുടെ വിനാശവും ഉണ്ടാകുന്നു. എല്ലാവരും എവിടേക്കാണ് പോകുന്നത്? ശാന്തിധാമത്തിലേക്ക്. ശരീരം എല്ലാവരുടേതും നശിക്കണം. പുതിയ ലോകത്തിൽ കേവലം നിങ്ങൾ മാത്രമാണുണ്ടായിരിക്കുക. മുഖ്യ ധർമ്മങ്ങൾ ഏതെല്ലാമാണെന്ന് നിങ്ങൾക്കറിയാം. എല്ലാവരുടെയും പേര് പറയാൻ സാധിക്കില്ല. ചെറിയ-ചെറിയ ശാഖകളും ചില്ലകളും ധാരാളമുണ്ട്. ഏറ്റവും ആദ്യം ദേവതാധർമ്മം, പിന്നീട് ഇസ്ലാം. ഈ കാര്യങ്ങൾ കേവലം നിങ്ങൾ കുട്ടികളിലല്ലാതെ മറ്റാരുടെയും ബുദ്ധിയിലില്ല. ഇപ്പോൾ ആ ആദി സനാതന ദേവീ-ദേവതാ ധർമ്മം പ്രായ ലോപമാണ് അതുകൊണ്ടാണ് ആൽവൃക്ഷത്തിന്റെ ഉദാഹരണം പറയുന്നത്. മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട് എന്നാൽ തായ്വേരില്ല. ഏറ്റവും കൂടുതൽ ആയുസ്സ് ഈ ആൽവൃക്ഷത്തിനാണുള്ളത്. അതുകൊണ്ട് ഇതിൽ ഏറ്റവും കൂടുതൽ ആയുസ്സ് ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിനാണ്. അതെപ്പോഴാണോ പ്രായഃലോപമാകുന്നത് അപ്പോഴാണ് ബാബ വന്ന്, ഇപ്പോൾ ഒരു ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മത്തിന്റെ വിനാശവും സംഭവിക്കണം എന്ന് മനസ്സിലാക്കിത്തരുന്നത്. അതുകൊണ്ടാണ് ത്രിമൂർത്തിയെയും ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം, ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. പിന്നീട് ബ്രഹ്മാ-വിഷ്ണു-ശങ്കരൻ, അതിനു ശേഷം സൃഷ്ടിയിൽ വരുമ്പോൾ ദേവീ-ദേവതകളല്ലാതെ മറ്റൊരു ധർമ്മവും ഉണ്ടായിരിക്കില്ല. ഭക്തി മാർഗ്ഗവും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ആദ്യം ശിവന്റെ ഭക്തി ചെയ്യുന്നു പിന്നീട് ദേവതകളുടേത്. ഭാരതത്തിന്റെ തന്നെ കാര്യമാണ്. ബാക്കി എല്ലാവർക്കും അവരുടെ ധർമ്മം, മഠം, മാർഗ്ഗം എന്നിവ എപ്പോഴാണ് സ്ഥാപിക്കപ്പെടുന്നത് എന്നറിയാം. ആര്യൻമാർ ഞങ്ങൾ വളരെ പഴയവരാണ് എന്നു പറയുന്നുണ്ട്. വാസ്തവത്തിൽ ഏറ്റവും പുരാതനമായത് ഒരേഒരു ആദി സനാതന ദേവീ-ദേവതാ ധർമ്മമാണ്. നിങ്ങൾ വൃക്ഷത്തെ കാണിച്ച് മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ സ്വയം തന്നെ മനസ്സിലാക്കും നമ്മുടെ ധർമ്മം ഇന്ന സമയത്തിൽ വരും. എല്ലാവർക്കും ഏതൊരു അവിനാശിയായ ഭാഗമാണോ ലഭിച്ചിട്ടുള്ളത് അത് അഭിനയിക്കണം, ഇതിൽ ആരുടെയും തെറ്റോ ദോഷമോ പറയാൻ സാധിക്കില്ല. ഇത് എന്തുകൊണ്ടാണ് പാപാത്മാക്കളായിരിക്കുന്നത എന്ന് മനസ്സിലാക്കിതരികയാണ്. മനുഷ്യർ പറയും നമ്മളെല്ലാവരും പരിധില്ലാത്ത പിതാവിന്റെ കുട്ടികളാണ്, പിന്നീട് എല്ലാ സഹോദരങ്ങളും എന്തുകൊണ്ടാണ് സത്യയുഗത്തിൽ ഇല്ലാത്തത്? കാരണം ഡ്രാമയിൽ പാർട്ടേയില്ല. ഈ അനാദി നാടകം

ഉണ്ടാക്കിയിട്ടുള്ളതാണ്, ഇതിൽ നിശ്ചയം വയ്ക്കൂ, മറ്റൊരു കാര്യവും പറയരുത്. ചക്രവും് എങ്ങനെയാണ് കറങ്ങുന്നതെന്ന് കാണിച്ചിട്ടുണ്ട്. കൽപവൃക്ഷത്തിന്റെയും ചിത്രമുണ്ട്. എന്നാൽ ഇതിന്റെ ആയുസ്സ് എത്രയാണെന്ന കാര്യം ആരും അറിയുന്നില്ല. ബാബ ആരുടെയും നിന്ദയല്ല ചെയ്യുന്നത്. ഇത് മനസ്സിലാക്കി തരികയാണ്, നിങ്ങൾക്കും മനസ്സിലാക്കി തരികയാണ് നിങ്ങൾ എത്ര പാവനമായിരുന്നു, ഇപ്പോൾ പതിതമായിരിക്കുന്നു അതുകൊണ്ട് വിളിക്കുന്നു – ഹേ പതിത പാവനാ വരൂ. ആദ്യം നിങ്ങൾക്കെല്ലാവർക്കും പാവനമാകണം. പിന്നീട് നമ്പറനുസരിച്ച് പാർട്ടഭിനയിക്കാൻ വരണം. ആത്മാക്കളെല്ലാവരും മുകളിലാണ് വസിക്കുന്നത്. ബാബയും മുകളിലാണ് വസിക്കുന്നത്, പിന്നീട് ബാബയെ വിളിക്കുന്നു,വരൂ.... ഇങ്ങനെ വിളിക്കുന്നതിലൂടെയല്ല ബാബ വരുന്നത്. ബാബ പറയുന്നു,എന്റെയും ഭാഗം നാടകത്തിൽ അടങ്ങിയിട്ടുണ്ട്. ഏതുപോലെയാണോ പരിധിയുള്ള നാടകത്തിലും വലിയ–വലിയ മുഖ്യമായ അഭിനേതാക്കളുടെ പാർട്ടുള്ളത്,അതുപോലെ ഇതും പരിധിയില്ലാത്ത നാടകമാണ്. എല്ലാവരും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു, അതിന്റെ അർത്ഥം എല്ലാവരെയും ചരടിൽ പിടിച്ച് കെട്ടിയിരിക്കുന്നു എന്ന ല്ല.ഇത് ബാബ മനസ്സിലാക്കി തരികയാണ്. അത് ജഡമായ വൃക്ഷമാണ്. വിത്ത് ചൈതന്യമുള്ളതാണെങ്കിൽ അതിന് ഈ വൃക്ഷം എങ്ങനെയാണ് വലുതായി പിന്നീട് ഫലം നൽകുന്നത് എന്ന് അറിയുമല്ലോ. ഇതാണ് ഈ മനുഷ്യ സൃഷ്ടിയുടെ ചൈതന്യ ബീജം, ഇതിനെ തലകീഴായ വൃക്ഷമെന്നാണ് പറയുന്നത്. ബാബ ജ്ഞാനസാഗരനാണ്, ബാബയ്ക്ക് മുഴുവൻ വൃക്ഷത്തിന്റെയും ജ്ഞാനമുണ്ട്. ഇത് അതേ ഗീതയുടെ ജ്ഞാനമാണ്. ഒരു പുതിയ കാര്യവുമല്ല. ഇവിടെ ബാബ ശ്ലോകം മുതയായവയൊന്നും ഉച്ഛരിക്കുന്നില്ല, മറ്റുള്ളവരാണെങ്കിൽ ഗ്രന്ഥം പഠിച്ച് പിന്നീട് അർത്ഥം ഇരുന്ന് മനസ്സിലാക്കി കൊടുക്കുന്നു. ബാബ മനസ്സിലാക്കി തരികയാണ് ഇത് പഠിത്തമാണ്, ഇതിൽ ശ്ലോകം മുതലായവയുടെ ആവശ്യമില്ല. ആ ശാസ്ത്രങ്ങളുടെ പഠിത്തത്തിൽ യാതൊരു ലക്ഷ്യവുമില്ല. ശാസ്ത്രങ്ങളിൽ ജ്ഞാനം, ഭക്തി, വൈരാഗ്യം എന്നിവയെക്കുറിച്ച് പറയുന്നുണ്ട്.ഈ പഴയ ലോകം നശിച്ച് പോകുന്നു. സന്യാസികളുടേത് പരിധിയുള്ള വൈരാഗ്യമാണ്, നിങ്ങളുടേതാണ് പരിധിയില്ലാത്ത വൈരാഗ്യം. ശങ്കരാചാര്യർ വന്നു, അദ്ദേഹം ഗൃഹസ്ഥത്തോടുള്ള വൈരാഗ്യം പഠിപ്പിക്കുന്നു. അദ്ദേഹവും തുടക്കത്തിൽ ശാസ്ത്രം തുടങ്ങിയവയൊന്നും പഠിപ്പിക്കുന്നില്ല. എപ്പോഴാണോ വളരെ വൃദ്ധിയുണ്ടാകുന്നത് അപ്പോഴാണ് ശാസ്ത്രങ്ങളുണ്ടാക്കാൻ ആരംഭിക്കുന്നത്. ആദ്യമാദ്യം ധർമ്മം സ്ഥാപിക്കുന്ന ഒരാൾ മാത്രമാണ് ഉണ്ടാകുന്നത് പിന്നീട് പതുക്കെ–പതുക്കെ വൃദ്ധി പ്രാപിക്കുന്നു. ഇതും മനസ്സിലാക്കണം. സൃഷ്ടിയിൽ ഏറ്റവും ആദ്യം ഏത് ധർമ്മമാണ് ഉണ്ടായിരുന്നത്. ഇപ്പോഴാണെങ്കിൽ അനേകം ധർമ്മങ്ങളുണ്ട്. ഏറ്റവും ആദ്യം ആദി സനാതന ദേവീ–ദേവതാ ധർമ്മമായിരുന്നു, അതിനെയാണ് സ്വർഗ്ഗം അഥവാ ഹെവൻ എന്ന് പറയുന്നത്. നിങ്ങൾ കുട്ടികൾ രചയിതാവിനെയും രചനയെയും അറിയുന്നതിലൂടെ ആസ്തികരാകുന്നു. നാസ്തികതയിൽ എത്ര ദുഃഖമാണുണ്ടാകുന്നത്, അനാഥരായി മാറുന്നു, പരസ്പരം കലഹിച്ചും–യുദ്ധം ചെയ്തുമിരിക്കുന്നു. നിങ്ങൾ പരസ്പരം അടിച്ചുകൊണ്ടിരിക്കുകയാണോ, എന്താ നിങ്ങൾക്ക് നാഥനില്ലേ? എന്ന് ചോദിക്കു ന്നത് കേട്ടിട്ടില്ലേ. ഈ സമയം എല്ലാവരും അനാഥരായി മാറിയിരിക്കയാണ്. പുതിയ ലോകത്തിൽ പവിത്രത, സുഖം, ശാന്തി എല്ലാം ഉണ്ടായിരുന്നു, അപാര സുഖമുണ്ടായിരുന്നു. ഇവിടെ അതികഠിനമായ ദുഃഖമാണുള്ളത്. അത് സത്യയുഗമാണ്, ഇത് കലിയുഗമാണ് .ഇപ്പോൾ ഈ പുരുഷോത്തമ സംഗമയുഗം നിങ്ങളുടേതാണ്..ഈ പുരുഷോത്തമ സംഗമയുഗം ഒന്നുമാത്രമാണുള്ളത്. സത്യ–ത്രേതായുടെ സംഗമത്തെ പുരുഷോത്തമമെന്ന് പറയില്ല. ഇവിടെയുള്ളത് അസുരൻമാരാണ്,അവിടെയുള്ളത് ദേവതകളാണ്. നിങ്ങൾക്കറിയാം ഇത് രാവണ രാജ്യമാണ്. രാവണന്റെ മുകളിലാണ് കഴുതയുടെ തല കാണിക്കുന്നത്. കഴുതയെ എത്ര വൃത്തിയാക്കി വസ്ത്രം അണിയിച്ച് കൊടുത്താലും, കഴുത വീണ്ടും ചളിയിൽ പോയിക്കിടന്ന് വസ്തം അഴുക്കാക്കുന്നു. ബാബ നിങ്ങളുടെ വസ്ത്രം വൃത്തിയുള്ളതും, പുഷ്പസമാനവുമാക്കുന്നു, പിന്നീട് രാവണരാജ്യത്തിൽ ഉരുണ്ട്, നിങ്ങൾ അപവിത്രമായി മാറുന്നു. ആത്മാവും ശരീരവും രണ്ടും അപവിത്രമാകുന്നു. ബാബ പറയുന്നു നിങ്ങൾ മുഴുവൻ അലങ്കാരങ്ങളും നഷ്ടപ്പെടുത്തി. ബാബയെ പതിത–പാവനനെന്ന് പറയുന്നു, നമ്മൾ സ്വർണ്ണിമയുഗത്തിൽ എത്ര അലങ്കരിക്കപ്പെട്ടവരായിരുന്നു, എത്ര ഫസ്റ്റ് ക്ലാസ്സായ രാജ്യഭാഗ്യമായിരുന്നു. എന്നെല്ലാം നിങ്ങൾക്ക് വലിയ സഭകളിൽ പറയാൻ കഴിയും.പിന്നീട് മായയാകുന്ന പൊടിയിലുരുണ്ട് അഴുക്കുള്ളവരായി.

ബാബ പറയുന്നു ഇത് അന്ധകാരത്തിന്റെ നഗരമാണ്. ഭഗവാനെ സർവ്വവ്യാപിയെന്ന് പറഞ്ഞിരിക്കുന്നു, എന്ത് നടന്നോ അത് അതുപോലെ വീണ്ടും ആവർത്തിക്കപ്പെടും. ഇതിൽ സംശയിക്കേണ്ട ആവശ്യമില്ല. അയ്യായിരം വർഷത്തിൽ ഓരോ ധർമ്മത്തിലും എത്ര മിനിറ്റ്, മണിക്കൂർ, സെക്കന്റുണ്ട്, എന്നെല്ലാം ഒരുകുട്ടി കണക്കെടുത്ത് അയച്ചിരുന്നു, ഇതിലും ബുദ്ധി വ്യർത്ഥമാകും.ലോകം എങ്ങനെയാണ് നടക്കുന്നത് എന്നാണ് ബാബ മനസ്സിലാക്കിത്തരുന്നത്.

പ്രജാപിതാ ബ്രഹ്മാവാണ് മുതുമുത്തച്ഛൻ. അദ്ദേഹത്തിന്റെ കർത്തവ്യം ആരും അറിയുന്നില്ല. വിരാടരൂപം ഉണ്ടാക്കിയപ്പോൾ പ്രജാപിതാ ബ്രഹ്മാവിനെ അതിൽ നിന്നും എടുത്തു കളഞ്ഞു. ബാബയെയും ബ്രാഹ്മണരെയും യഥാർത്ഥ രീതിയിൽ അറിയുന്നില്ല.ബ്രഹ്മാബാബയെ ആദി ദേവൻ എന്നാണ് പറയുന്നത്. ബാബ മനസ്സിലാക്കി തരുന്നു, ഞാൻ ഈ വൃക്ഷത്തിന്റെ ചൈതന്യ ബീജരൂപനാണ്. ഇത് തല കീഴായ വൃക്ഷമാണ്. ബാബ സത്യമാണ്, ചൈതന്യമാണ്, ജ്ഞാനസാഗരനാണ് ....ആ ബാബയുടെ മഹിമ തന്നെയാണ് ചെയ്യുന്നത്. ആത്മാവില്ലെങ്കിൽ പിന്നീട് ചലിക്കാൻ പോലും സാധിക്കില്ല. ഗർഭത്തിലേക്കും 5–6 മാസങ്ങൾക്ക് ശേഷമാണ് ആത്മാവ് പ്രവേശിക്കുന്നത്. ഇതും ഡ്രാമയിൽ ഉണ്ടാക്കിയിട്ടുള്ളതാണ്. പിന്നീട് ആത്മാവ് വിട്ടുപോകുകയാണെങ്കിൽ അവസാനിച്ചു. ആത്മാവ് അവിനാശിയാണ്, ആത്മാവാണ് പാർട്ടഭിനയിക്കുന്നത്, ഇതും ബാബ വന്ന് ബോധ്യപ്പെടുത്തുന്നു. ആത്മാവ് ഇത്രയും ചെറിയ ബിന്ദുവാണ്, അതിൽ അവിനാശി പാർട്ട് നിറഞ്ഞിട്ടുണ്ട്. പരംപിതാവും ആത്മാവാണ്, ബാബയെ ജ്ഞാനത്തിന്റെ സാഗരനെന്നാണ് പറയുന്നത്. ആ ബാബയാണ് ആത്മാവിന്റെ സാക്ഷാത്കാരം ചെയ്യിക്കുന്നത്. മനുഷ്യർ കേവലം, പരമാത്മാവ് സർവ്വശക്തിമാനാണ്, ആയിരം സൂര്യൻമാരെക്കാളും തേജോമയനാണ് എന്നെല്ലാം പറയുന്നു. പക്ഷേ യാതൊന്നും മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു, ഇതെല്ലാം ഭക്തി മാർഗ്ഗത്തിൽ വർണ്ണിച്ചിട്ടുള്ളതും, ശാസ്ത്രങ്ങളിൽ എഴുതി വച്ചിട്ടുള്ളതുമാണ്. അർജ്ജുനന് സാക്ഷാത്ക്കാരമുണ്ടായപ്പോൾ ഇത്രയും തേജസ്സ് എനിക്ക് സഹിക്കാൻ സാധിക്കുന്നില്ല എന്ന് പറഞ്ഞു, അപ്പോൾ ആ കാര്യം മനുഷ്യരുടെ ബുദ്ധിയിലിരുന്നു പോയി. ഇത്രയും തേജോമയനായ ആൾ ഒരാളുടെ ഉള്ളിൽ പ്രവേശിക്കുകയാണെങ്കിൽ തകർന്നു പോകും... ജ്ഞാനമില്ലല്ലോ. അപ്പോൾ പരമാത്മാവ് ആയിരം സൂര്യനെക്കാളും തേജോമയനാണ്, നമുക്ക് പരമാത്മാവിന്റെ സാക്ഷാത്ക്കാരം വേണം എന്നു പറയാൻ തുടങ്ങി. ഭക്തിയുടെ ഭാവന കയറിയിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ള സാക്ഷാത്ക്കാരവും ഉണ്ടാകുന്നു. ആദ്യമാദ്യം നിങ്ങൾക്കും ഇങ്ങനെയുള്ള ധാരാളം സാക്ഷാത്ക്കാരം ഉണ്ടായിരുന്നു, കണ്ണുകൾ ചുവന്നതായി മാറിയിരുന്നു. സാക്ഷാത്ക്കാരം ചെയ്തവരെല്ലാം ,പിന്നീട് എവിടെപ്പോയി.. അതെല്ലാം ഭക്തിമാർഗ്ഗത്തിന്റെ കാര്യങ്ങളാണ്. ഇതെല്ലാം ബാബ മനസ്സിലാക്കി തരികയാണ്, ഇതിൽ നിന്ദയുടെ ഒരുകാര്യവുമില്ല. കുട്ടികൾക്ക് സദാ സന്തോഷമായി ഇരിക്കണം. ഈ നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. എനിക്ക് ഇത്രയും ഗ്ലാനികൾ നൽകുന്നുണ്ട്, ഞാനെന്താണ് ചെയ്യുന്നത്? എനിക്കതിൽ ദേഷ്യം വരുന്നുണ്ടോ... ഡ്രാമയനുസരിച്ച് ഇവരെല്ലാവരും ഭക്തി മാർഗ്ഗത്തിൽ കുടുങ്ങിയിരിക്കുന്നു. ദേഷ്യപ്പെടേണ്ട കാര്യം തന്നെയില്ല. നാടകം ഇങ്ങനെയാണ് ഉണ്ടാക്കിയിട്ടുള്ളത്. സ്നേഹത്തോടെ അറിവ് നൽകണം. പാവങ്ങൾ അജ്ഞാനത്തിന്റെ അന്ധകാരത്തിൽ പെട്ടിരിക്കുകയാണ്, മനസ്സിലാക്കുന്നില്ലെങ്കിൽ ദയയും വരുന്നു. സദാ പുഞ്ചിരിച്ചുകൊണ്ടേയിരിക്കണം. ഈ പാവങ്ങൾക്ക് സ്വർഗ്ഗത്തിന്റെ പടിക്കലേക്ക് വരാൻ സാധിക്കില്ല, ഇവരെല്ലാവരും ശാന്തിധാമത്തിലേക്ക് പോകുന്നവരാണ്. എല്ലാവരും ആഗ്രഹിക്കുന്നതും ശാന്തി തന്നെയാണ്. അതുകൊണ്ട് ബാബ മാത്രമാണ് യാഥാർത്ഥ്യം മനസ്സിലാക്കി തരുന്നത്. ഈ കളി ഉണ്ടാക്കിയിട്ടുള്ളതാണ്. നാടകത്തിൽ ഓരോരുത്തർക്കും വേഷം ലഭിച്ചിട്ടുണ്ട്, ഇതിൽ വളരെ ഉറച്ചതും സ്ഥിരവുമായ ബുദ്ധി ആവശ്യമാണ് എന്നെല്ലാം ഇപ്പോൾ നിങ്ങൾക്കറിയാം. ഏതുവരെ അചഞ്ചലവും, ഉറച്ചതും, ഏകരസവുമായ അവസ്ഥയില്ലയോ അതുവരെ പുരുഷാർത്ഥം എങ്ങനെ ചെയ്യും. എന്തും സംഭവിക്കട്ടെ, ഇനി കൊടുങ്കാറ്റ് വരട്ടെ എന്നാലും സ്ഥിരതയുള്ളവരായിരിക്കണം. മായയുടെ കൊടുങ്കാറ്റുകൾ ധാരാളം വരും,അവസാനം വരേയ്ക്കും വരും. അവസ്ഥ ഉറച്ചതായിരിക്കണം. ഇതാണ് ഗുപ്തമായ പരിശ്രമം. പലകുട്ടികളും പുരുഷാർത്ഥം ചെയ്ത് കൊടുങ്കാറ്റിനെ പറപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആര് എത്രത്തോളം മറി കടക്കുന്നോ അത്രത്തോളം ഉയർന്ന പദവി നേടും. രാജധാനിയിൽ ധാരാളം പദവികളില്ലേ.

ത്രിമൂർത്തി ചക്രം, വൃക്ഷം എന്നിവ ഏറ്റവും നല്ല ചിത്രങ്ങളാണ്. ഇത് തുടക്കത്തിൽ ഉണ്ടാക്കിയിട്ടുള്ളതാണ്. വിദേശത്തെ സേവനത്തിന് വേണ്ടിയും ഈ രണ്ട് ചിത്രങ്ങൾ കൊണ്ട് പോകണം. ബാബ് ഈ ചിത്രങ്ങൾ തുണികളിൽ ചിത്രീകരിക്കാൻ ആഗ്രഹിക്കുന്നു, അതും ഉണ്ടാക്കപ്പെടും. സ്ഥാപന എങ്ങിനെയാണ് ഉണ്ടാകുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കി കൊടുക്കും. നിങ്ങൾ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അവർ തന്റെ ധർമ്മത്തിൽ ഉയർന്ന പദവിനേടും. ക്രിസ്ത്യൻ ധർമ്മത്തിൽ നിങ്ങൾ ഉയർന്ന പദവി നേടാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇത് നല്ല രീതിയിൽ മനസ്സിലാക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും, ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം –**

1. ഈ പുരുഷോത്തമ സംഗമയുഗത്തിൽ പവിത്രമായി സ്വയത്തെ അലങ്കരിക്കണം. ഒരിക്കലും മായയുടെ പൊടിയിൽ ഉരുണ്ട് അലങ്കാരങ്ങൾ നശിപ്പിക്കരുത്.

2. ഈ ഡ്രാമയെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി തന്റെ അവസ്ഥ അചഞ്ചലവും, ഉറച്ചതും, സ്ഥിരതയുള്ളതുമാക്കി വയ്ക്കണം. ഒരിക്കലും ആശയക്കുഴപ്പത്തിൽ വരരുത്, സദാ ഹർഷിതമായി കഴിയണം.

**വരദാനം– ചിന്തിച്ച് മനസ്സിലാക്കി ഓരോ കർമ്മവും ചെയ്യുന്ന,പശ്ചാത്താപത്തിൽ നിന്നും മുക്തമായ ജ്ഞാനി തൂ ആത്മാവായി ഭവിക്കട്ടെ.**

ആദ്യം ചിന്തിക്കൂ,എന്നിട്ട് കർമ്മം ചെയ്യൂ എന്ന് പറയാറുണ്ട്. ആര് കർമ്മങ്ങൾ ചെയ്യുന്നതിനു മുൻപ് ചിന്തിക്കാതിരിക്കുകയും,കർമ്മങ്ങൾക്കുശേഷം മാത്രം ചെയ്തുപോയതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നുവോ അവർ പശ്ചാത്തപിക്കാൻ ഇടവരുന്നു.അവസാനം ചിന്തിക്കുന്നത് പശ്ചാത്താപമുണ്ടാക്കുന്നു.ആദ്യം ചിന്തിക്കുന്നത് ജ്ഞാനത്തെ ധാരണചെയ്ത ആത്മാക്കളുടെ ഗുണമാണ്.ദ്വാപരകലിയുഗങ്ങളിൽ അനേക പ്രകാരത്തിലുള്ള പശ്ചാത്താപങ്ങൾ അനുഭവിച്ചുകഴിഞ്ഞു.ഇനി ഈ സംഗമയുഗത്തിൽ വളരെയധികം ചിന്തിച്ചും ആലോചിച്ചും മാത്രം സങ്കൽപങ്ങൾ രചിക്കുകയും,കർമ്മങ്ങൾ ചെയ്യുകയും ചെയ്താൽ മാത്രമേ ഒരു സെക്കന്റുപോലും മനസ്സിൽ പശ്ചാത്താപമില്ലാതെയിരിക്കാൻ കഴിയുകയുള്ളൂ .അങ്ങിനെയുള്ള ആത്മാക്കളെയാണ് ജ്ഞാനത്തെ ധാരണ ചെയ്ത ആത്മാക്കൾ എന്നു പറയുന്നത്.

**സ്ലോഗൻ:– ദയാഹൃദയരായി സർവശക്തികളെയും,ഗുണങ്ങളെയും ദാനമായി നൽകുന്നവർ തന്നെയാണ്  മാസ്റ്റർ ദാതാക്കൾ.**